## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നം. *285

29.01.2014-ലെ മറുപടിക്ക്

# തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച അവലോകനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എം.ഹംസ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തലത്തിലും ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിലും വകുപ്പ് മന്ത്രിമാർ, സെക്രട്ടറിമാർ, ചീഫ് സെക്രട്ടറി ഇവർ നടത്തുന്ന അവലോകന യോഗങ്ങളിലും വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലും പദ്ധതി വിർവ്വഹണം സംബന്ധിച്ച അവലോകനങ്ങൾ നടത്തി വരുന്നു. 15/01/2014-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിലും അവലോകനം നടത്തിയിരുന്നു. |
| ബി) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ഏതെങ്കിലും തരത്തിൽ പദ്ധതി പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ; | ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ യാതൊരു സാമ്പത്തിക പ്രതിസന്ധിയും നേരിടുന്നില്ല. |
| സി) പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിലവിൽ സർക്കാർ തലത്തിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;<br>ഡി) ഇക്കാലയളവിൽ ഈ സംവിധാനങ്ങൾ മുഖേന നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ? | സി) യും ഡി) യും<br>മേൽ വിവരിച്ച അവലോകന സംവിധാനങ്ങൾ തന്നെയാണ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ. ഈ സംവിധാനങ്ങൾ കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് യഥാസമയം മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കാനും അതുവഴി പദ്ധതിനിർവ്വഹണം സുഗമമാക്കാനും ശ്രമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ